# കേംബ്രിഡ്ജ് ഫുഡ് ബാങ്കിലേക്ക് സ്വാഗതം

## എന്താണ് ഒരു ഫുഡ് ബാങ്ക്?

ഫുഡ് ബാങ്ക് എന്നത് ഒരു സൗജന്യ സേവനമാണ്, ആവശ്യത്തിന് ഭക്ഷണമില്ലാത്ത വ്യക്തികൾക്ക് ഭക്ഷ്യവസ്തുക്കളും അവശ്യസാധനങ്ങളും സൗജന്യമായി നൽകുന്ന ഒരു സേവനമാണ് ഫുഡ് ബാങ്ക്.

## എനിക്ക് എന്ത് പ്രതീക്ഷിക്കാം

- അടിയന്തര ഭക്ഷണ സഹായം നിങ്ങൾക്ക് 2-3 ദിവസത്തേക്ക് ആവശ്യമായ ഭക്ഷണം നൽകുന്നു.
- ഞങ്ങൾ എല്ലാവർക്കും മാന്യമായ അനുഭവം വാഗ്ദാനം ചെയ്യുന്നു.
- ഞങ്ങളുടെ 'ഷോപ്പിംഗ് മോഡൽ' ഉപയോഗിച്ച്, നിങ്ങൾക്ക് ആവശ്യമുള്ള ഭക്ഷണങ്ങൾ തിരഞ്ഞെടുക്കാം, എന്നിരുന്നാലും ഇത് നിങ്ങളുടെ കാത്തിരിപ്പ് സമയം കുറച്ചുകൂടി ദീർഘിപ്പിച്ചേക്കാം.

## ആർക്കൊക്കെയാണ് ഇതിന് അർഹതയുള്ളത്?

ഈ പറയുന്ന ആളുകൾക്കാണ് അർഹതയുള്ളത്:

- കേംബ്രിഡ്ജിലോ നോർത്ത് ഡംഫ്രീസിലോ താമസിക്കുന്നവർ.
- ആവശ്യത്തിന് പലചരക്ക് സാധനങ്ങൾ വാങ്ങാൻ പാടുപെടുകയും അതുകാരണം ഇടയ്ക്കിടെ ഭക്ഷണം ഒഴിവാക്കുകയും ചെയ്യുന്നവർ.

## എന്റെ അക്കൗണ്ടിൽ ആരെയാണ് ചേർക്കേണ്ടത്?

നിങ്ങളുടെ വീട്ടിൽ താമസിക്കുന്നവരും നിങ്ങളുടെ അടുക്കള പങ്കിടുന്നവരും.

## എനിക്ക് എത്ര തവണ സന്ദർശിക്കാൻ കഴിയും?

- നിങ്ങൾക്ക് ഞങ്ങളുടെ (3) ലൊക്കേഷനുകളിൽ ഏതെങ്കിലും ഒന്നിൽനിന്ന്, ഒരു കലണ്ടർ മാസത്തിൽ ഒരിക്കൽ (1) അടിയന്തര ഭക്ഷണ സഹായം ലഭിക്കും.
- നിങ്ങൾക്ക് എല്ലാ ദിവസവും ഞങ്ങളുടെ പ്രധാന സ്ഥലത്തെ ഹോളിലെ ഫ്ലാഷ് ഫ്ലഡ് ഏരിയ സന്ദർശിക്കാവുന്നതാണ്.

## ഞാൻ എന്താണ് കൊണ്ടുവരേണ്ടത്?

- നിങ്ങളുടെ വീട്ടിലെ ഓരോ വ്യക്തിക്കും നിങ്ങൾ സാധുവായ തിരിച്ചറിയൽ രേഖ നൽകണം.
- സ്വന്തം ബാഗുകൾ കൊണ്ടുവരിക.



# ഫുഡ് ബാങ്ക് വസ്തുതകൾ

## എന്താണ് ഫ്ലാഷ് ഫുഡ്?

ഫ്ലാഷ് ഫുഡ് എന്നത് പെട്ടെന്ന് ഉപയോഗിക്കേണ്ട ഭക്ഷണത്തെ അല്ലെങ്കിൽ വൻതോതിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തെ സൂചിപ്പിക്കുന്നു. മിക്കവാറും ബ്രെഡുകളും അതിന്റെ ഉൽപന്നങ്ങളും. ലഭ്യമാകുന്ന ഇനങ്ങൾ ദിവസേന മാറിക്കൊണ്ടിരിക്കുന്നു, നിങ്ങൾ സന്ദർശിക്കുമ്പോൾ എന്തെല്ലാം ഉണ്ടാകുമെന്ന് ഉറപ്പ് പറയാൻ കഴിയില്ല.

## ബെസ്റ്റ് ബിഫോർ ഡേറ്റ്, എക്സ്പയറി ഡേറ്റ് എന്നിവ എന്താണ്?

ബെസ്റ്റ് ബിഫോർ ഡേറ്റ് : എന്നതിനർത്ഥം, ഒരു ഉൽപ്പന്നം ശരിയായി സംഭരിക്കുകയും തുറക്കാതിരിക്കുകയും ചെയ്താൽ, പ്രസ്താവിച്ച തീയതി വരെ ഗുണനിലവാരം നിലനിൽക്കും എന്നാണ്.

എക്സ്പയറി ഡേറ്റ്: ശരിയായി സൂക്ഷിക്കുകയും അത് തുറക്കാതിരിക്കുകയും ചെയ്താൽ, നിർദ്ദിഷ്ട തീയതി വരെ ഉൽപ്പന്നം ലേബലിൽ ലിസ്റ്റുചെയ്തിരിക്കുന്ന പോഷക മൂല്യങ്ങൾ നിലനിർത്തും.

**ഈ തീയതികളൊന്നും ഭക്ഷ്യസുരക്ഷയെ സൂചിപ്പിക്കുന്നില്ല.**

## ഭക്ഷണവുമായി ബന്ധപ്പെട്ട് കൂടുതൽ സഹായം ആവശ്യമുണ്ടോ?

- സാൽവേഷൻ ആർമി - ഫുഡ് ബാങ്ക്
- ലാങ്സ് കമ്മ്യൂണിറ്റി ഫുഡ് കപ്പ്ബോർഡ്
- നെയ്ബെർഴ്സ് ഹെല്പിങ് നെയ്ബെർഴ്സ് Ayr
- സെന്റ് വിൻസെന്റ് ഡി പോൾ
- ഫാമിലി2 ഫാമിലി

## മൊബൈൽ ഫുഡ് മാർക്കറ്റ് ആർക്കൊക്കെ സന്ദർശിക്കാം

ഞങ്ങളുടെ ഓൺ-സൈറ്റ് ലൊക്കേഷനുകളിലൊന്ന് സന്ദർശിക്കാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നു. മാർക്കറ്റിൽ എത്താൻ പറ്റില്ലേ? നിങ്ങൾക്ക് എങ്ങനെ ഓൺലൈനായി ഓർഡർ ചെയ്യാമെന്ന് ഞങ്ങളോട് ചോദിക്കുക